# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*196 18.03.2015 ൽ മറുപടിക്ക്

### റെയിൽവേ വികസനത്തിന് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ്<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, കെ. ദാസൻ<br>,, ബി.ഡി. ദേവസ്സി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനുതകുന്ന പ്രധാന ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ ശരിയായ രീതിയിൽ സമീപിക്കാത്തത് സംസ്ഥാനം അവഗണിക്കപ്പെടുന്നതിന് കാരണമാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനുതകുന്ന പ്രധാന ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ ശരിയായ രീതിയിൽ തന്നെയാണ് സമീപിച്ചു വരുന്നത്. റെയിൽവേയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് പദ്ധതികൾ മുഖ്യമായും മന്ദഗതിയിലാകുന്നത് എന്നാണ് അറിയുന്നത്. |
| (ബി) | റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് വളരെ മുമ്പ് തന്നെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഗൃഹപാഠം നടത്തി അവതരിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോ: ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിന്നുള്ള ബഹു എംപിമാരോടും റെയിൽവേയോടും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തി, സംസ്ഥാനത്തിനായി റെയിൽവേ കാലാകാലങ്ങളിലായി പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകി സംസ്ഥാനത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം ക്രോഡീകരിച്ച് മുൻഗണനാക്രമത്തിൽ |

| | | | |
|---|---|---|---|
| | | | ചേർത്താണ് എല്ലാ റെയിൽവേ ബഡ്ജറ്റുകൾക്കും വളരെ മുന്നേ തന്നെ സംസ്ഥാന സർക്കാർ മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിക്കുന്നത്. |
| (സി) | സംസ്ഥാനത്തിന്റെ പൊതു ആവശ്യമെന്ന നിലയ്ക്ക് എം.പി. മാരടക്കമുള്ളവരെ ഏകോപിപ്പിച്ച് ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോ യെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ; | (സി) | റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എം.പി.മാരടക്കമുള്ളവരെ ഏകോപിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ട് സംസ്ഥാനത്തിലെ റെയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്ന തിനും ആവശ്യമായ തുകകൾ 2014- 15 ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുമായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ 30.05.2014 ലെ ബഹു: മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്തു പ്രകാരം ബഹു: ഇൻഡ്യൻ പ്രധാനമന്ത്രിക്കും, മുൻ കേന്ദ്ര റെയിൽവേ മന്ത്രിക്കും നൽകിയിരുന്നു. തുടർന്ന് 09.07.2014 ന് അവതരിപ്പിക്കപ്പെടുന്ന റെയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റെയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി മാരോടും റെയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും തുടർന്ന് 2015-16 ലെ സമ്പൂർണ്ണ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ കൂടി ബഹു. എം.പി മാരോട് ആവശ്യപ്പെട്ടതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി . 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ |

| | | | |
|---|---|---|---|
| | | | മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും ടി മെമ്മോറാണ്ടം 19.11.2014 - ൽ തിരുവനന്തപുരത്ത് വച്ച് നടന്ന എം.പിമാരുടെ യോഗത്തിൽ വച്ച് ആദ്യ അജണ്ടാ വിഷയമായി ചർച്ചചെയ്യുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളും തുടർന്ന് എം.പിമാർ നൽകിയ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ മെമ്മോറാണ്ടം 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ അവ ഉൾപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകുകയും ചെയ്തു.കൂടാതെ കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം , കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367/- രൂപ റെയിൽവേക്ക് ഈ സാമ്പത്തിക വർഷം (2014-15) നൽകിയിട്ടുമുണ്ട് |
| (ഡി) | സംസ്ഥാനത്തെ തുടർച്ചയായി കേന്ദ്രം അവഗണിക്കുന്നു എന്ന് വിലയിരുത്തുന്നുണ്ടോ ; ഇതിന്മേലുള്ള നിലപാട് വിശദമാക്കാമോ? | (ഡി) | ഉണ്ട്. റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്. എന്നാൽ റെയിൽവേയുടെ സാമ്പത്തിക സ്ഥിതിക്കും നയങ്ങൾക്കുമനുസരിച്ച് മാത്രമേ അവയുടെ സാക്ഷാത്കാരം സാധ്യമാകു. |

സെക്ഷൻ ഓഫീസർ